ഒ.പി അബ്ദുസ്സലാം

# ഹദീസിന്റെ ശ്രേഷ്ഠത

**മുസ്‌ലിംകളുടെ** എണ്ണം 1300 മില്യൺ കവിയുമെന്നാണ് ഒരു കണക്ക്. ഇത്രയും വലിയൊരു സമൂഹത്തിന്റെ ദൈനംദിന ജീവിതത്തിലെ ചെറുതും വലുതുമായ കാര്യങ്ങളെ കൃത്യമായ ദിശാബോധത്തോടെയും അതീവസൂക്ഷ്മതയോടെയും നിയന്ത്രിക്കുന്നത്, ഇസ്‌ലാമിന്റെ ആധികാരിക പ്രമാണങ്ങളിൽ വിശുദ്ധ ഖുർആനുശേഷം ഒന്നാമത്തെ സ്രോതസ്സായി എണ്ണപ്പെടുന്ന തിരുനബിയുടെ ഹദീസത്രെ. ഇത് നാളിതുവരെയുള്ള മുസ്‌ലിം പണ്ഡിതലോകത്തിന്റെ ഏകോപിത അഭിപ്രായമാണ്. അതുകൊണ്ടുതന്നെ നബിചര്യകൾ, നബിവചനങ്ങൾ, നബിയുടെ മൗനാനുവാദങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഹദീസിനെ മാറ്റിനിർത്തിക്കൊണ്ടുള്ള ഒരു കാഴ്ചപ്പാട് നിസ്സംശയം അസ്വീകാര്യവും ആദ്യന്തം അപകടകരവുമാണ്. വിശ്വാസിയുടെ ജീവിതത്തിൽ ഹദീസിനെ അവഗണിക്കുകയെന്നാൽ മുഹമ്മദ് നബി(സ)യെ അവിശ്വസിക്കുക എന്നുതന്നെയാണ് അർഥം.

ശരീഅത്തിന്റെ മൗലികാടിത്തറകൾ ചർച്ചചെയ്യുന്നതിനിടെ ഹദീസിന്റെ സ്ഥാനപദവികൾ വിവരിക്കുമ്പോൾ ഒരുവിഭാഗം പണ്ഡിതന്മാർ ഇത്രവരെ പറഞ്ഞു: 'ഖുർആനെ പോലെ ഹദീസും ഒരു സ്വതന്ത്ര സമ്പൂർണ അസ്തിത്വമുള്ള പ്രാമാണിക രേഖയാണ്; കേവലം ഖുർആന്റെ ഒരു വ്യാഖ്യാനമോ സംശയനിവാരണമോ മാത്രമല്ല അത്.[1] ഭൂരിപക്ഷം പണ്ഡിതന്മാർക്കും ഈ അഭിപ്രായമില്ലെങ്കിലും ഹദീസിന്റെ ആധികാരികത, പ്രാധാന്യം എന്നിവയിലേക്ക് ഈ വീക്ഷണം വിരൽ ചൂണ്ടുന്നുണ്ട്.

ചരിത്രത്തിന്റെ ദശാസന്ധികളിൽ ശ്രദ്ധേയരായ നിരവധി വ്യക്തിത്വങ്ങളെ നമുക്കു കണ്ടെത്താനാവും. ഈ മഹാരഥന്മാരുടെ ജീവിതത്തിലെ വാക്കുകളും കർമങ്ങളും അംഗീകാരങ്ങളും സ്വഭാവവിശേഷങ്ങളും ശരീരഘടനയുമൊക്കെ കൂട്ടിച്ചേർക്കലുകളോ വെട്ടിക്കുറക്കലുകളോ ഇല്ലാതെ, ഉള്ളത് ഉള്ളതുപോലെ നമുക്ക് ലഭ്യമാണോ? ലഭ്യമല്ലെന്ന് മാത്രമല്ല, അങ്ങനെയൊന്ന് സങ്കൽപിക്കാൻ പോലും നമുക്കാവില്ല. അബ്രഹാം ലിങ്കൺ, കാൾ മാർക്സ്, മഹാത്മാഗാന്ധി എന്നിവരുടെപോലും സത്യസന്ധവും സമഗ്രവുമായ ജീവിതചിത്രമോ ജീവിത ചരിത്രമോ നമ്മുടെ മുമ്പിലില്ല, എന്നിട്ടല്ലേ ബുദ്ധന്റെയും അരിസ്റ്റോട്ടിലിന്റെയും ഗാലന്റെയുമൊക്കെ. എന്നാൽ നിരക്ഷരനായ മുഹമ്മദ് എന്ന പ്രവാചകന്റെ ഓരോരോ കർമങ്ങളും പെരുമാറ്റങ്ങളും അഭിപ്രായങ്ങളും ഉപദേശനിർദേശങ്ങളും ആജ്ഞാനിരോധങ്ങളും കൃത്യമായി വൈരുധ്യമേതുമില്ലാതെ നമുക്കിന്നും ഹദീസിലൂടെ ലഭ്യമാണ്.

സാമൂഹിക ഇടപാടുകളും പെരുമാറ്റ രീതികളും വിവരിക്കുമ്പോൾ ആവശ്യമായ വിശദീകരണം നൽകുന്നുണ്ടെങ്കിലും ആരാധനാ കാര്യങ്ങൾ പറയുമ്പോൾ മറ്റൊരു രീതിയാണ് ഖുർആനിന്റേത്. രണ്ടാമത് പറഞ്ഞതിൽ കൂടുതൽ വിശദീകരണവും വ്യാഖ്യാനവും നബിയാണ് നമുക്കു നൽകുന്നത്. ഉദാഹരണ



ത്തിന് നമസ്കാരമോ സകാത്തോ എടുക്കാം. നമസ്കാരത്തിന്റെ കൽപന ഖുർആനിൽ വന്നിട്ടുണ്ടെങ്കിലും റക്അത്തുകളുടെ എണ്ണമോ കർമരീതിയോ സമയങ്ങളുടെ വിശദീകരണമോ ഖുർആനിലില്ല. ഇവിടെ ഹദീസുകളാണ് ആവശ്യമായ വിവരണങ്ങൾ തരുന്നത്. അതുപോലെ സകാത്ത് നിർബന്ധമാണെന്ന് ഖുർആനിലുണ്ടെങ്കിലും എപ്പോൾ, എന്തിനൊക്കെ തുടങ്ങിയ കാര്യങ്ങളും ബന്ധപ്പെട്ട നിബന്ധനകളും വിസ്തരിച്ചു കിട്ടുന്നത് പ്രവാചകാധ്യാപനങ്ങളിൽ നിന്നുമാത്രം.[2]

മൗലാനാ മൗദൂദി പറയുന്നു: "ഖുർആൻ അറിയിച്ച അല്ലാഹുവിന്റെ വാക്കനുസരിച്ചുതന്നെ നബിയുടെ വ്യാഖ്യാനവും വിശദീകരണവുമില്ലാതെ ഖുർആൻ തനിയെ മാർഗദർശനത്തിന് മതിയായതല്ല."[3]

ഖുർആനിൽ തീരെ സൂചനകളില്ലാത്ത കാര്യങ്ങളും ഹദീസിൽ പരാമർശിക്കപ്പെടും. ഉദാ: ഇഹ്റാമിൽ പ്രവേശിച്ചാൽ തുന്നിയ വസ്ത്രങ്ങൾ ധരിക്കാൻ പാടില്ല. ഈ വിഷയം ഖുർആൻ കൈകാര്യം ചെയ്യാത്തതാണെന്ന് വാദിച്ച് ഒരാൾ തുന്നിക്കൂട്ടിയ വസ്ത്രംധരിച്ചുകൊണ്ട് ഹജ്ജിലെ പ്രഖ്യാപിത ചിട്ട ലംഘിച്ചാൽ അയാൾ വലിയ കുറ്റമാണ് ചെയ്തത്. മഹാനായ ഇബ്നു ഹസം പറയുന്നു:

"ഖുർആനിലുള്ളതല്ലാതെ നാം സ്വീകരിക്കില്ലെന്ന് ഒരാൾ പറഞ്ഞാൽ അയാൾ നിഷേധിയായി."[4]

സമഗ്രതയാണ് ഹദീസിന്റെ മറ്റൊരു സവിശേഷത. ധാർമികം, ആധ്യാത്മികം, സാമ്പത്തികം, രാഷ്ട്രീയം, സാമൂഹികം, സാഹിത്യം, കല, ശാസ്ത്രം, സംസ്കാരം, വിദ്യാഭ്യാസം, പെരുമാറ്റച്ചട്ടങ്ങൾ, സമാധാനം, യുദ്ധം, സന്ധി, വ്യവസായം, വികസനം, കോടതി, ശിക്ഷാവിധികൾ, തൊഴിൽ പ്രശ്നം, ദാരിദ്ര്യം, മുതലാളിത്തം, പലിശ, ചൂഷണം, അടിമത്തം, അധിനിവേശം തുടങ്ങി എല്ലാ വശങ്ങളും പ്രശ്നങ്ങളും ഹദീസിന്റെ പരിധിയിൽ വരുന്നുണ്ട്. ഹദീസിന്റെ ഈ പ്രത്യേകതയെ പ്രകീർത്തിച്ച് പ്രഗത്ഭ അമുസ്‌ലിം ചിന്തകനായ വില്യം മൂറിനെപോലുള്ളവർ എഴുതിയിട്ടുണ്ട്.

അങ്ങേയറ്റത്തെ സൂക്ഷ്മ പഠനത്തിനും കർശനമായ പരിശോധനക്കും ശേഷമാണ് ഹദീസ് നിദാനശാസ്ത്രജ്ഞന്മാർ സ്വീകാര്യമായ ഹദീസുകളേതൊക്കെയെന്ന് നിർണയിച്ചിട്ടുള്ളത്. നബിയുടെ മരണത്തെതുടർന്ന് അൽപകാലത്തിനുശേഷം കള്ള ഹദീസുകൾ ചമച്ചുണ്ടാക്കുന്ന പ്രവണത ശക്തമായി. മുസ്‌ലിം സമാജത്തിൽ അവാന്തര വിഭാഗങ്ങൾ തലപൊക്കിയതും രാഷ്ട്രീയ ധ്രുവീകരണം ഉടലെടുത്തതും ഈ പ്രവണതക്ക് കൊഴുപ്പേകി. മറ്റൊരു കാരണം ഇസ്‌ലാമിനെ താറടിച്ചുകാണിക്കാൻ ശത്രുക്കൾ നടത്തിയ ഉപജാപമായിരുന്നു. ഈ സന്ദർഭത്തിലാണ് ഓരോ ഹദീസിന്റെയും നിവേദകപരമ്പര നിശിതമായി പരിശോധിച്ച് ഹദീസിന്റെ സ്വീകാര്യതയും അസ്വീകാര്യതയും ഉറപ്പുവരുത്താൻ നന്മേച്ഛുക്കളായ ഒരുകൂട്ടം പണ്ഡിതന്മാർ മുന്നോട്ടുവന്നത്. നിവേദകരിൽ ഓരോരുത്തരുടേയും സത്യസന്ധത, മതനിഷ്ഠ, ഓർമശക്തി, കൃത്യതാബോധം, വിവേചനശക്തി, ആത്മാർഥത തുടങ്ങിയ ഗുണങ്ങളും ഇവയുടെയൊക്കെ വിപരീത ഗുണങ്ങളും പരിശോധിച്ച് ഹദീസുകളിലെ കല്ലും നെല്ലും അവർ കൃത്യമായി വേർതിരിച്ചു. ഈ മഹൽ ശ്രമത്തിൽ അഞ്ചുലക്ഷം നിവേദകരുടെ വസ്തുനിഷ്ഠമായ ചരിത്രം ഹദീസ് പണ്ഡിതന്മാർ ശേഖരിച്ചു. ഈ വിഷയകമായി ശതക്കണക്കിൽ അമൂല്യ ഗ്രന്ഥങ്ങളും രചിക്കപ്പെട്ടു. ലോകചരിത്രത്തിൽ തന്നെ ഇത്ര വൃത്തിയായും വസ്തുനിഷ്ഠമായും സത്യസന്ധമായും പ്രവാചകന്റേതല്ലാതെ മറ്റാരുടേയും വാക്കുകളും പ്രവൃത്തികളും സമ്മതങ്ങളും അംഗീകാരങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ച് പറയാൻ സാധിക്കും.

ഖുർആൻ ഏതുവിധം പിൻപറ്റാൻ മുസ്‌ലിംകൾ ശാസിക്കപ്പെട്ടിട്ടുണ്ടോ അതേ ശക്തിയിലും ഗൗരവത്തിലും ഹദീസും ജീവിതത്തിൽ പകർത്താനും പിൻപറ്റാനും മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. (ഇതുസംബന്ധമായ ഖുർആൻ വചനങ്ങൾ മറ്റു ലേഖനങ്ങളിൽ വന്നിട്ടുണ്ട്.)

പണ്ഡിതശ്രേഷ്ഠനായ ഇമാം ഔസാഇയുടെ ശ്രദ്ധേയമായ ഒരു നിരീക്ഷണം കാണുക: "സുന്നത്തിന് (ഹദീസ്) ഖുർആനെ ആവശ്യമുണ്ട് എന്നതിനെക്കാളേറെ ഖുർആന് സുന്നത്തിനെ ആവശ്യമുണ്ട് എന്ന് പറയുന്നതാവും ശരി."[5]

അറിവിന്റെ വാതായനം മലർക്കെ തുറന്നിടുന്നതിൽ ഖുർആനെ പോലെ ഹദീസും മുൻപന്തിയിലാണ്. മനുഷ്യനെ സർഗാത്മകതയിലേക്കുയർത്തുന്ന സകല വിജ്ഞാന ശാഖകളേയും ഉൾക്കൊള്ളാൻ ഹദീസ് വിശ്വാസികളെ ശക്തമായി ആഹ്വാനം ചെയ്യുന്നു. വിദ്യയെ ആത്മീയമെന്നും ലൗകികമെന്നും വേർതിരിച്ച് കള്ളികളിലാക്കുന്ന സങ്കുചിത വീക്ഷണത്തെ ഹദീസുകൾ പൊറുപ്പിക്കുന്നില്ല. അറിവുമായി ബന്ധപ്പെട്ട് ഹദീസുകളിൽ വന്ന ഏതാനും പദാവലികൾ ശ്രദ്ധിക്കുക:
علم، فكر، ذكر، معرفة، درس، سؤال، دلالة، حكمة، بحث، فقه، كتابة، فهم........

വിജ്ഞാനത്തിന്റെ ഒരു പ്രത്യേക ഭൂമികതന്നെയാണ് ഹദീസ് നമ്മുടെ മുമ്പിൽ വെക്കുന്നത്. മനുഷ്യൻ ആരാണ്, അവൻ എവിടെനിന്നു വരുന്നു, എവിടേക്ക് പോകുന്നു, ആരാണ് അവനെ സൃഷ്ടിച്ചത്, അവനും പ്രപഞ്ചവും തമ്മിലുള്ള ബന്ധമെന്ത് എന്നിത്യാദി നിരവധി മൗലിക ചോദ്യങ്ങൾക്ക് സമൂർത്തമായ മറുപടികളുണ്ട് ഹദീസിൽ. ഇമാം ബുഖാരി, ഇമാം മുസ്‌ലിം മുതലായ ഹദീസ് വിശാരദന്മാർ അവരുടെ പ്രഖ്യാത ഗ്രന്ഥങ്ങളിൽ كتاب العلم എന്ന പേരിൽ പ്രത്യേകം അധ്യായങ്ങൾ തന്നെ ചേർത്തിരിക്കുന്നു.

ഖുർആൻ വ്യാഖ്യാനം, ഹദീസ് വ്യാഖ്യാനം, കർമശാസ്ത്രം, ഖുർആൻ–ഹദീസ്–ഫിഖ്ഹ്നിദാനശാസ്ത്രങ്ങൾ, ഭാഷാസാഹിത്യം: നഹ്വ്-സ്വർഫ്–ബലാഗ, തർക്കശാസ്ത്രം, ചരിത്രം, രാഷ്ട്രമീമാംസ, സാമൂഹ്യബന്ധങ്ങൾ മുതലായ സുപ്രധാന വിജ്ഞാനീയങ്ങൾ ഉരുത്തിരിയാനും വികസിക്കാനും വഴിയൊരുക്കിയതിൽ ഹദീസിനുള്ള പങ്ക് സുവിദിതമത്രെ.

ഖുർആനിലേതു പോലെ ഹദീസിലും ധാരാളം ശാസ്ത്ര സൂചനകളുണ്ട്. ചേലാകർമം ഉദാഹരണം. ഇസ്‌ലാമിനോടുള്ള വെറുപ്പും അസൂയയും രക്തത്തിലലിഞ്ഞുചേർന്നവർ ഈ സമ്പ്രദായത്തെ ക്രൂരമെന്നും കാടത്തമെന്നും പരിഹസിച്ചിരുന്നു. എയ്ഡ്സും കാൻസറും അനവധി മാരക ഗുഹ്യ രോഗങ്ങളും ഒരു പരിധിവരെ തടയാൻ ചേലാകർമത്തിന് സാധിക്കുമെന്ന് ആധുനിക ഗവേഷണ പഠനങ്ങൾ തെളിയിച്ചു കൊണ്ടിരിക്കുന്നു. ഈയിടെ ലണ്ടനിൽ പ്രസിദ്ധീകരിച്ച ഒരു മെഡിക്കൽ റിവ്യൂവിൽ, ചേലാകർമം ചില മാരകമായ ലൈംഗിക പകർച്ചവ്യാധികളിൽനിന്നും കാൻസറിൽനിന്നും സുരക്ഷനൽകുന്നതായി വെളിപ്പെടുത്തിയിട്ടുണ്ട്. മലയാളിയായ ഡോ. ഡി.സി ജോസഫ് രേഖപ്പെടുത്തുന്നു: 'മുസ്‌ലിം വനിതകൾക്ക് തങ്ങളുടെ ഹിന്ദു, ക്രിസ്ത്യൻ സഹോദരികളെ അപേക്ഷിച്ച് ഗർഭാശയ കാൻസസൻ കുറവാണെന്നാണ് പഠനഫലം'.[6] പ്രസിദ്ധ അറബ്യൻ ഭിഷഗ്വരനായ ഡോ. സബ്രി അൽഖബ്ബാനി എഴുതുന്നു: 'ചേലാകർമം കാൻസർ വരാനുള്ള സാധ്യത കുറക്കുന്നു. ഈ മാരകരോഗം ചേലാകർമം നടത്താത്തവരിൽ കൂടുതലായി കണ്ടുവരുന്നു. അതേ അവസരത്തിൽ ചേലാകർമം നിർബന്ധ ആചാരമായി സ്വീകരിച്ചവരിൽ കാൻസർ വളരെ കുറവത്രെ.'[7]

ഹദീസ് വിശുദ്ധ ഖുർആനെ പോലെ വഹ്യ് (ദിവ്യവെളിപാട്) ആണ്. അന്നജ്മ് അധ്യായത്തിലെ 2,3,4 സൂക്തങ്ങൾ ഇക്കാര്യമാണ് വ്യക്തമാക്കുന്നതെന്ന് പല വ്യാഖ്യാതാക്കളും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൂക്തങ്ങളുടെ വിവരണത്തിൽ ഖുർആൻ വ്യാഖ്യാതാവായ വഹ്ബ സുഹൈലി എഴുതുന്നു: 'സുന്നത്ത് ഖുർആനെ പോലെ അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള ദിവ്യവെളിപാടുകളത്രെ. മുഹമ്മദ് സ്വന്തം ഇഷ്ടമനുസരിച്ചല്ല സംസാരിക്കുന്നതെന്ന് അല്ലാഹു പറയുന്നു

**ഖുര്‍ആന്‍ സാമൂഹിക ഇടപാടുകളും പെരുമാറ്റ രീതികളും വിവരിക്കുമ്പോള്‍ ആവശ്യമായ വിശദീകരണം നല്‍കുന്നുണ്ടെങ്കിലും ആരാധനാ കാര്യങ്ങള്‍ പറയുമ്പോള്‍ മറ്റൊരു രീതിയാണ് ഖുര്‍ആനിന്റേത്. രണ്ടാമത് പറഞ്ഞതില്‍ കൂടുതല്‍ വിശദീകരണവും വ്യാഖ്യാനവും നബിയാണ് നമുക്കുനല്‍കുന്നത്. ഉദാഹരണത്തിന് നമസ്കാരമോ സകാത്തോ എടുക്കാം. നമസ്കാരത്തിന്റെ കല്‍പന ഖുര്‍ആനില്‍ വന്നിട്ടുണ്ടെങ്കിലും റക്അത്തുകളുടെ എണ്ണമോ കര്‍മരീതിയോ സമയങ്ങളുടെ വിശദീകരണമോ ഖുര്‍ആനിലില്ല. ഇവിടെ ഹദീസുകളാണ് ആവശ്യമായ വിവരണങ്ങള്‍ തരുന്നത്.**

ണ്ടല്ലോ.'[8]

പൂര്‍വിക പണ്ഡിതനായ അബുല്‍ബഖാഅ് എഴുതുന്നു: "രണ്ടും(ഖുര്‍ആനും ഹദീസും) അല്ലാഹുവിന്റെ വഹ്‌യ് ആണെന്നതില്‍ സംശയമില്ല. തെളിവ് നജ്മ് അധ്യായത്തിലെ 2,3,4 ആയത്തുകളാണ്: (നിങ്ങളുടെ ചങ്ങാതി വഴിപിഴക്കുകയോ തെറ്റുകയോ ചെയ്തിട്ടില്ല, അദ്ദേഹം ദേഹേച്ഛക്കൊത്ത് സംസാരിക്കുന്നില്ല, അത് ദിവ്യവെളിപാടല്ലാതെ മറ്റൊന്നല്ല). പക്ഷേ, വെല്ലുവിളിയുടെ സ്വഭാവമുള്ളതാണ് എന്ന പ്രത്യേകത ഖുര്‍ആന്‍ വെച്ചുപുലര്‍ത്തുന്നുണ്ട്."[9]

ഹദീസിനെ അപേക്ഷിച്ച് ഖുര്‍ആന് മറ്റു രണ്ടു പ്രത്യേകതകള്‍ കൂടിയുണ്ട്. ഒന്ന്, നമസ്കാരങ്ങളില്‍ ഓതണമെന്ന് നിര്‍ദേശിച്ച ഇടങ്ങളില്‍ ഖുര്‍ആന്‍ മാത്രമേ പാടുള്ളൂ. അവിടെ ഹദീസ് പാരായണം പറ്റില്ല. രണ്ട്, ഖുര്‍ആനിന്റെ വാക്കുകളും ആശയങ്ങളും അല്ലാഹുവിന്റേതായിരിക്കും. ഹദീസിന്റെ വാചകങ്ങള്‍ പ്രവാചകന്റേതും ആശയങ്ങള്‍ അല്ലാഹുവിന്റേതുമായിരിക്കും.

മുകളിലെഴുതിയതും ഇനിയുമെഴുതാന്‍ ബാക്കിയിരിക്കുന്നതുമായ നിരവധി ശ്രേഷ്ഠതകളും പ്രത്യേകതകളും ഹദീസിനുള്ളതിനാല്‍ സ്വഹാബിവര്യന്മാര്‍ ഓരോരുത്തരും ഹദീസ് ശ്രദ്ധാപൂര്‍വം പഠിക്കുകയും മനപ്പാഠമാക്കുകയും ജീവിതത്തില്‍ പകര്‍ത്തുകയും ചെയ്തിരുന്നു. കണ്ണിലെ കൃഷ്ണമണികണക്കെ അവരതിനെ കാത്തു സൂക്ഷിച്ചു. ഹദീസിനോട് ഇത്തിരി അവഗണന വന്നുപോകുന്നതുപോലും അവരെ സംബന്ധിച്ചിടത്തോളം വന്‍ കുറ്റമായിരുന്നു. "എന്റെ ചര്യയെ ആരെങ്കിലും അവഗണിച്ചാല്‍ അവന്‍ എന്നില്‍ പെട്ടവനല്ല" (മുസ്‌ലിം) എന്ന ഹദീസ് ഓരോ സ്വഹാബിവര്യന്റെയും മനസ്സിലെ സജീവസാന്നിധ്യമായിരുന്നു.

ഉമറുബ്നുല്‍ ഖത്ത്വാബ്(റ) പറയുന്നു: 'ഞാനും മദീനയിലെ അന്‍സാരികളിലെ എന്റെ ഒരയല്‍വാസിയും ദൈവദൂതന്റെ സദസില്‍ ഊഴംവെച്ചു പങ്കെടുക്കാറുണ്ടായിരുന്നു. അതായത്, ഒരു ദിവസം ഞാന്‍, ഒരു ദിവസം അയാള്‍ എന്ന വിധത്തില്‍. ഞാന്‍ പങ്കെടുക്കുന്ന ദിവസത്തെ വഹ്‌യും മറ്റും ഞാന്‍ അദ്ദേഹത്തെ ചെന്നു കേള്‍പ്പിക്കും. അദ്ദേഹം പോയ ദിവസത്തിലേത് എന്നെയും.' അനിവാര്യമായ കാരണങ്ങളാല്‍ കൃത്യമായി ഓരോദിവസവും നബിയുടെ സദസ്സില്‍ പങ്കെടുക്കാന്‍ കഴിയാതെ വരുമ്പോള്‍ അത് നഷ്ടപ്പെടാതിരിക്കാന്‍ പ്രവാചകന്റെ അനുയായികള്‍ എന്തുമാത്രം ബദ്ധശ്രദ്ധരായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട് ഈ സംഭവം.

ഹദീസ് ശേഖരണത്തിലും ഹദീസുകളിലെ സംശയം ദൂരീകരിക്കുന്നതിലും സ്വഹാബികള്‍ എന്ത് ത്യാഗത്തിനും തയാറായിരുന്നു. മുലകുടിബന്ധത്തെപറ്റി ഒരു സംശയം ഉയര്‍ന്നപ്പോള്‍ അതിന്റെ നിജസ്ഥിതി ഉറപ്പുവരുത്താന്‍ ഉഖ്ബത്തുബ്നുല്‍ ഹാരിസ് എന്ന സ്വഹാബി മക്കയില്‍ നിന്ന് നബിയെ തിരക്കി മദീനയിലെത്തിയ സംഭവം പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങള്‍ റിപ്പോര്‍ട്ടുചെയ്തിരിക്കുന്നു. ജാബിറുബ്നു അബ്ദില്ല എന്ന സ്വഹാബി ഒരു ഒട്ടകത്തെ വിലകൊടുത്ത് വാങ്ങി അതില്‍ യാത്രോപകരണങ്ങള്‍ സജ്ജീകരിച്ച ശേഷം ശാമിലേക്കു യാത്രയായി. ഒരു മാസക്കാലമെടുത്ത ഈ യാത്ര പ്രതിക്രിയാ (ഖിസ്വാസ്) വിഷയത്തില്‍ വന്ന ഒരു ഹദീസിനെക്കുറിച്ച് അബ്ദുല്ലാഹിബ്നു അബ്ബാസിനോട് ചോദിക്കുന്നതിന് വേണ്ടിയായിരുന്നു.

സ്വഹാബികള്‍ മാത്രമല്ല, താബിഉകളും അവര്‍ക്ക് പിറകെവന്ന താബിഉത്താബിഈനും ഹദീസിനോടുള്ള സ്നേഹം രക്തത്തില്‍ അലിയിച്ചവരായിരുന്നു. സഈദുബ്നുല്‍ മുസയ്യബ്, അബൂ ഖിലാബഃ അബ്ദാന്‍, മക്ഹൂല്‍, അബൂത്വാഹിര്‍ അസ്സിലഫി എന്നിങ്ങനെ ആയിരങ്ങളുടെ പട്ടിക നീണ്ടുപോകുന്നു. ഇവരുടെ കൂട്ടത്തില്‍ ഹദീസ് സേവനത്തിനായി പതിനെട്ടിലേറെ തവണ ബസ്വറ സന്ദര്‍ശിച്ചവര്‍ വരെയുണ്ട്. ഇസ്‌ലാമിനോട് ജന്മവൈരം വെച്ചുപോന്ന ഓറിയന്റലിസ്റ്റ്, ഗോള്‍ഡ് സ്വീഹര്‍ പോലും പറഞ്ഞു: ഹദീസ്സേവനം വ്രതമായെടുത്ത മുസ്‌ലിംകള്‍ 'ലോകത്തിന്റെ കിഴക്കും പടിഞ്ഞാറും ദിക്കുകളില്‍ നാലു തവണ സഞ്ചരിച്ചിട്ടുണ്ടെങ്കില്‍ അതില്‍ അല്‍ഭുതപ്പെടാനില്ല.'

ഇസ്‌ലാമിലെ കര്‍മശാസ്ത്ര സരണികളുടെ സാരഥികളായി അറിയപ്പെടുന്ന ഇമാമുകളും മുന്‍ഗാമികളെപോലെ ഹദീസിന് ഖുര്‍ആന് ശേഷം ഒന്നാം സ്ഥാനം നല്‍കിയവരും അതിന്റെ സേവനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ചവരുമായിരുന്നു. എപ്പോഴെങ്കിലും അവരുടെ നിഗമനങ്ങളും ഗവേഷണങ്ങളും ഹദീസുമായി ഏറ്റുമുട്ടുന്നപക്ഷം അപ്പോഴൊക്കെ ഞങ്ങളുടെ മാര്‍ഗം(മദ്ഹബ്) ഹദീസിന്റേതായിരിക്കുമെന്നായിരുന്നു അവരുടെ മുദ്രാവാക്യം. ■

**ഗ്രന്ഥസൂചി**

1. ഉലൂമുല്‍ ഹദീസ് വ മുസ്ത്വലഹുഹു / ഡോ. സ്വബ്ഹി സാലിം, പേജ് 292
2. മുസ്ത്വലഹുല്‍ ഹദീസ് / ഖത്തര്‍ വിദ്യാഭ്യാസ മന്ത്രാലയം പേജ് 13
3. തഫ്ഹീമുല്‍ ഖുര്‍ആന്‍ / മൗലാനാ മൗദൂദി 2: 503
4. അസ്സുന്നത്തുല്‍ മുഫ്തറാ അലൈഹി/ സാലിം ബഹന്‍സാവി പേജ് 19
5. ജാമിഉ ബയാനില്‍ ഇല്‍മ് 2: 191
6. 'വനിത', ഡിസംബര്‍: 1983
7. തര്‍ബിയ്യതുല്‍ ഔലാദ് / അബ്ദുല്ലാ നാസ്വിഹ് ഉല്‍വാന്‍ പേജ് 1: 109
8. അത്തഫ്സീറുല്‍ മുനീര്‍ / ഡോ. വഹ്ബ സുഹൈലി 13: 202
9. അല്‍കുല്ലിയ്യാത്ത് / അബുല്‍ ബഖാഅ്, പേജ് 288